## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്—കുടുംബശ്രീ—സംഘടനാ സംവിധാനം—ഏരിയ ഡവലപ്മെന്റ് സൊസൈറ്റി/കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി ഭരണസമിതി അംഗങ്ങൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി കുടുംബശ്രീ സി.ഡി.എസ്. ബൈലോയിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുന്നു

---

### തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്

**സ. ഉ. (പി) നമ്പർ 218/10/തസ്വഭവ.** **തിരുവനന്തപുരം, 2010 സെപ്റ്റംബർ 30.**

---

പരാമർശം:— 1. സ. ഉ. (പി) നമ്പർ 222/08/തസ്വഭവ തീയതി 8-8-2008.

2. സ. ഉ. (പി) നമ്പർ 265/2008/തസ്വഭവ തീയതി 10-10-2008.

3. 28-7-2010-ലെ കുടുംബശ്രീ ഗവേണിംഗ് ബോഡിയോഗ തീരുമാനം.

4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17-8-2010-ലെ കെ.എസ്./എം/4738/2010 നമ്പർ കുറിപ്പ്.

### ഉത്തരവ്

രാജി, മരണം തുടങ്ങിയ സ്വാഭാവിക കാരണങ്ങളല്ലാതെ എ.ഡി.എസ്./സി.ഡി.എസ്. ഭരണസമിതി അംഗങ്ങളെ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യുന്നതിനോ, മാറ്റുന്നതിനോ ഉള്ള വ്യവസ്ഥകൾ കുടുംബശ്രീ ബൈലോയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ചുമതലാ-കർത്തവ്യ നിർവ്വഹണത്തിൽ കടുത്ത വീഴ്ചയും, സാമ്പത്തിക ക്രമക്കേടും കാട്ടുന്ന അംഗങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ കൂടി ബൈലോയിൽ ഉൾപ്പെടുത്തണമെന്ന വസ്തുത പ്രായോഗിക തലത്തിൽ അനുഭവപ്പെടുന്നുണ്ടെന്നും, ആയതിനാൽ പ്രസ്തുത വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി കുടുംബശ്രീ സി.ഡി.എസ്. ബൈലോ ഭേദഗതി ചെയ്ത് ഉത്തരവുണ്ടാകണമെന്നും പരാമർശം 2-ലെ ഗവേണിംഗ് ബോഡി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക ക്രമക്കേട് കാട്ടുന്ന എ.ഡി.എസ്./സി.ഡി.എസ്. അംഗത്തെ നീക്കം ചെയ്യുന്നതിന്/സസ്പെന്റ് ചെയ്യുന്നതിന് ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കുടുംബശ്രീ സി.ഡി.എസ്. ബൈലോയിൽ ഭേദഗതി വരുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

## സാമ്പത്തിക ക്രമക്കേട് കാട്ടുന്ന എ.ഡി.എസ്./സി.ഡി.എസ്. അംഗത്തെ നീക്കം ചെയ്യുന്നതിന്/സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടിക്രമം

ചുവടെ ചേർക്കുന്ന സാഹചര്യങ്ങൾ സാമ്പത്തിക ക്രമക്കേടുകളായി പരിഗണിക്കേണ്ടതാണ്.

(എ) സി. ഡി. എസ്./എ.ഡി. എസ്. ഭരണസമിതിയുടെ അനുമതിയില്ലാതെ പണം പിൻവലിച്ച് കൈവശം വയ്ക്കുക.

(ബി) അയൽക്കൂട്ടം/ഗുണഭോക്താക്കൾക്ക് നൽകേണ്ട സാമ്പത്തിക സഹായം വക മാറ്റി ചെലവഴിക്കുക, മറ്റ് സ്വകാര്യ ആവശ്യങ്ങൾക്ക് വിനിയോഗിക്കുക.

സി.ഡി.എസ്./എ.ഡി.എസ്. അംഗത്തിനെതിരെയുള്ള സാമ്പത്തിക ക്രമക്കേട്, പരാതിയുടെ നിജസ്ഥിതി ഉറപ്പുവരുത്തുന്നതിനായി ആരോപണ വിധേയമായ/പരാതിക്ക് ആധാരമായ അക്കൗണ്ടുകളും, ട്രാൻസാക്ഷനുകളും, രജിസ്റ്ററുകളും, രേഖകളും, കാസ് യൂണിറ്റിനെ കൊണ്ട് സി.ഡി.എസ്. കമ്മിറ്റി വിശദമായ ഓഡിറ്റിന് വിധേയമാക്കണം. കാസ് യൂണിറ്റിന്റെ റിപ്പോർട്ട് ലഭിച്ചാൽ ജില്ലാമിഷൻ നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥ(ൻ) പ്രസ്തുത റിപ്പോർട്ട് ഒന്നുകൂടി സൂക്ഷ്മ പരിശോധന നടത്തണം. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിയോഗിക്കുന്ന പ്രത്യേക അന്വേഷണ ഉദ്യോഗസ്ഥന്റേയോ/കമ്മിറ്റിയുടേയോ, വിജിലൻസിന്റേയോ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്നതുവരെ സാമ്പത്തിക ക്രമക്കേട് കാട്ടി എന്ന് പ്രഥമദൃഷ്ട്യാ തെളിഞ്ഞിട്ടുള്ള അംഗത്തെ/അംഗങ്ങളെ ബന്ധപ്പെട്ട സി.ഡി.എസ്./എ.ഡി.എസ്. ജനറൽ ബോഡി യോഗം ഭൂരിപക്ഷ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൽസ്ഥാനത്ത് നിന്ന് സസ്പെന്റ് ചെയ്യേണ്ടതാണ്. തുടർന്ന് അന്തിമ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ക്രമക്കേട് വസ്തുനിഷ്ഠമാണെന്ന് തെളിഞ്ഞാൽ പ്രസ്തുത അംഗത്തെ/അംഗങ്ങളെ സി.ഡി.എസ്./ എ.ഡി.എസ്. ജനറൽ ബോഡി യോഗത്തിന്റെ ¾ (നാലിൽ മൂന്ന്) ഭൂരിപക്ഷ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണ്. എന്നാൽ അന്തിമ റിപ്പോർട്ട് പ്രകാരം പ്രസ്തുത അംഗം കുറ്റക്കാരിയല്ലെന്ന് തെളിഞ്ഞാൽ പദവിയിൽ തിരികെ പ്രവേശിപ്പിക്കേണ്ടതാണ്.

## നീക്കം ചെയ്ത എക്സിക്യൂട്ടീവ് അംഗങ്ങളുടെ ചാർജ്ജ് നിർവ്വഹണത്തിനുള്ള ക്രമീകരണം

1. സി.ഡി.എസ്. ചെയർപേഴ്സൺ സസ്പെൻഷനിലാകുന്ന പക്ഷം പ്രസ്തുത സസ്പെൻഷൻ കാലയളവിൽ സി.ഡി.എസ്. ചെയർപേഴ്സന്റെ താൽക്കാലിക ചുമതല നിർവഹിക്കുന്നതിന് സി.ഡി.എസ്. വൈസ് ചെയർപേഴ്സനെ സി.ഡി.എസ്. ഭരണസമിതി ചുമതലപ്പെടുത്തേണ്ടതാണ്.
2. എ.ഡി.എസ്. സെക്രട്ടറി സസ്പെൻഷനിലാകുന്ന പക്ഷം പ്രസ്തുത സസ്പെൻഷൻ കാലയളവിൽ എ.ഡി.എസ്. സെക്രട്ടറിയുടെ താൽക്കാലിക ചുമതല നിർവഹിക്കുന്നതിന് എ.ഡി.എസ്. പ്രസിഡന്റിനെ എ.ഡി.എസ്. ഭരണസമിതി ചുമതലപ്പെടുത്തേണ്ടതാണ്.
3. എന്നാൽ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജനറൽ ബോഡിയുടെ ¾ തീരുമാനപ്രകാരം ക്രമക്കേട് കാട്ടിയ അംഗത്തെ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യുന്നതിലൂടെ സി.ഡി.എസ്. ചെയർപേഴ്സൻ/വൈസ്ചെയർ പേഴ്സൺ/സി.ഡി.എസ്. ഭരണസമിതി അംഗം, എ.ഡി.എസ്. സെക്രട്ടറി/ പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലേക്ക് ഉണ്ടാകുന്ന ഒഴിവുകൾ ഉപ തെരഞ്ഞെടുപ്പിലൂടെ നികത്തുന്നതിനുള്ള അടിയന്തിര തുടർ നടപടി മെമ്പർ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

4. സസ്പെൻഷനിലായ സി. ഡി. എസ്. അംഗം പ്രതിനിധാനം ചെയ്യുന്ന എ.ഡി.എസിൽ നിന്നും ഒരംഗത്തെ സി.ഡി.എസ്. ഭരണസമിതിയിലേക്ക് താൽക്കാലികമായി നിയോഗിക്കേണ്ടതാണ്.

**പ്രത്യേക മീറ്റിംഗ് വിളിച്ചു ചേർക്കേണ്ട ചുമതല**

സി.ഡി.എസ്./എ.ഡി.എസ്. അംഗങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രത്യേക ജനറൽ ബോഡി മീറ്റിംഗുകൾ വിളിച്ചുചേർക്കുന്നതിന്റെ ഉത്തരവാദിത്വം 16-7-2009-ലെ സ.ഉ (സാധാ) നമ്പർ 1764/09/തസ്വഭവ ത്രിതല സംഘടനാ സംവിധാനങ്ങളുടെ (അതത് തലങ്ങളിലെ) ഇടക്കാല-ഉപതെരഞ്ഞെടുപ്പിനായി ചുമതലപ്പെടുത്തിയവർക്കായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി. ശ്യാമള,
*ജോയിന്റ് സെക്രട്ടറി.*

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

എല്ലാ സി. ഡി.എസ്./എ.ഡി.എസ്.-കൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ,- ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

*പകർപ്പ്:* തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.യ്ക്ക്.

[സ. ഉ.(പി) നമ്പർ 222/08/തസ്വഭവ തീയതി 8-8-2008-ന്റെ തീർപ്പ് ഫയലിലേക്ക്]